## കെ.പി മുഹമ്മദലി



**ഈരാറ്റുപേട്ടയിലെ** ഇസ്‌ലാമിക പ്രവർത്തന രംഗത്ത് നിറഞ്ഞു നിന്നിരുന്ന പ്രവർത്തകനായിരുന്നു കെ.പി മുഹമ്മദലി. കമ്യൂണിസ്റ്റ് പ്രവർത്തകനും അതിന്റെ കലാവേദിയുടെ പ്രാദേശിക അമരക്കാരനുമായിരുന്ന അദ്ദേഹം അക്കാലങ്ങളിൽ ഇരുപതോളം നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട്.

വളരെക്കാലമായി ദഅ്‌വാ വിഭാഗം കൺവീനറായിരുന്നു. ഏതു ശത്രുവിനേയും മിത്രമാക്കുന്ന സംസാരവും പ്രകൃതവും.

ഈരാറ്റുപേട്ട തെക്കേക്കര കാർകുൻ ഹൽഖ നാസിമും അൽമനാർ ട്രസ്റ്റ് സെക്രട്ടറിയുമായിരുന്നു. ദീർഘകാലം *മാധ്യമം* ഏരിയാ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചിട്ടുണ്ട്.

**കെ.പി ബഷീർ ഈരാറ്റുപേട്ട**

## കെ.കെ പരീത് മൗലവി



**തിരുവിതാംകൂർ** പ്രദേശത്തെ ആദ്യത്തെ വെല്ലൂർ ബാഖിയാത്തുസ്സ്വാലിഹാത്ത് ബിരുദധാരിയും 60 വർഷത്തോളം വിവിധ പള്ളികളിൽ ഖത്വീബും മുദർരിസുമായി സേവനമനുഷ്ഠിക്കുകയും ചെയ്ത വ്യക്തിത്വമായിരുന്നു ഹാജി പരീത് മൗലവി(92).

ഈരാറ്റുപേട്ടയിലെ ഒരു പണ്ഡിത കുടുംബത്തിലായിരുന്നു ജനനം. പെരിന്തൽമണ്ണക്കടുത്ത താഴേക്കോട്ട് നിന്ന് ബ്രിട്ടീഷ് പട്ടാളക്കാരുടെ ഭീഷണിയെ തുടർന്ന് ഈരാറ്റുപേട്ടയിൽ എത്തിച്ചേർന്ന കുന്നനാത്ത് കുടുംബാംഗം മൊയ്തീൻകുട്ടി ഹാജിയുടെ മകന്റെ മകനാണ് പരീത് മൗലവി. കെ.സി അബ്ദുല്ല മൗലവിയുമായി അടുത്ത ബന്ധമുണ്ടായിരുന്നു. കെ.കെ അലിയാർ മൗലവി, കെ.കെ കുഞ്ഞുമുഹമ്മദ് മൗലവി, കെ.കെ ഹമീദ് മുസ്‌ലിയാർ, കെ.കെ മൈതീൻകുട്ടി എന്നിവർ സഹോദരങ്ങളും ഇമാം കൗൺസിൽ ചെയർമാൻ കെ.എ നദീർ മൗലവി, ദക്ഷിണ കേരള ഇസ്‌ലാംമത വിദ്യാഭ്യാസ ബോർഡ് ചെയർമാൻ മുഹമ്മദീസാ മൗലവി സഹോദര പുത്രന്മാരുമാണ്. ജ. ഇ ആദ്യകാല പ്രവർത്തകൻ കെ.പി യൂസുഫ്, ജ. ഇ ജില്ലാ അസി. സെക്ര. കെ.പി ബഷീർ, കെ.പി ഹുസൈൻ മൗലവി, കെ.പി മുഹമ്മദ് ഇബ്‌റാഹീം എന്നിവർ മക്കളാണ്.

**അബൂ സൽവ ഈരാറ്റുപേട്ട**

## എ.എം അബ്ദുർറസ്സാഖ്



**കാസർകോട്ട്** നടന്ന എൻഡോസൾഫാൻ പുനരധിവാസ പദ്ധതി പ്രഖ്യാപന സമ്മേളനത്തിലേക്ക് പുറപ്പെടാൻ കാത്ത് നിൽക്കെയാണ്, ഉപ്പള മുത്തഫിഖ് ഹൽഖാ നാസിം എ.എം അബ്ദുർറസ്സാഖ്(68) നാഥങ്കലേക്ക് യാത്രയായത്. അദ്ദേഹത്തിന്റെ പിതാവ് മൂസസാഹിബാണ് പഞ്ചാബിൽ വെച്ച് മൗലാനാ മൗദൂദി ചെയ്ത പ്രസംഗത്തിൽ ആകൃഷ്ടനായി ഉപ്പളയിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. വസ്ത്രവ്യാപാരിയായിരുന്ന അബ്ദുർറസ്സാഖ് സാഹിബ് തുടക്കത്തിൽ തന്റെ പീടികമുറിയുടെ ഒരുഭാഗം പ്രസ്ഥാനപ്രവർത്തനങ്ങൾക്കായി വിട്ടുകൊടുത്തു. ഇന്നും അദ്ദേഹം നൽകിയ ഒരു മുറിയാണ് പ്രസ്ഥാനത്തിന്റെ കേന്ദ്രം.

**ബി.എം അബ്ദുല്ല കുമ്പള**